കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485
വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്
തിരുവനന്തപുരം -1

പ്രസിഡന്റ് ജനറൽ സെക്രട്ടറി
കെ.പി.ധനപാലൻ Ex.MP സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം
28.10.2017

നമ്പർ. 9/2017

## സർക്കുലർ

സുഹൃത്തേ,

27-10-2017 വെളിയാഴ്ച രാവിലെ 10.30 ന് എറണാകുളം K.K International ഹോട്ടൽ ആഡിറ്റോറിയത്തിൽ പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് കൗൺസിൽ ചേർന്നു. സംസ്ഥാന സമ്മേളനം നടത്തുവാൻ സാധിക്കാതിരുന്ന സാഹചര്യവും നിലവിലെ സ്ഥിതി വിവരങ്ങളും പ്രസിഡന്റ് വിശദീകരിച്ചു. സംസ്ഥാന സമ്മേളനം തടഞ്ഞുകൊണ്ട് ആലപ്പുഴയിലുള്ള റിട്ടയർ ചെയ്ത ഒരു വ്യക്തിയും അദ്ദേഹത്തെ സഹായിച്ച ആലുവായിലുള്ള മറ്റൊരു വ്യക്തിയും ചേർന്ന ഗൂഢാലോചനയുടെ ഫലമായാണ് സമ്മേളനം തടസ്സപ്പെട്ടത്. കോടതിയിലുള്ള കേസിൽ സമ്മേളനം നടത്തുവാൻ അനുമതി ലഭിച്ചുവെങ്കിലും സമ്മേളന അക്കൗണ്ട് മരവിപ്പിച്ചിരിക്കുകയാണ്. അത് നീക്കുവാനുള്ള അപ്പീൽ ഫയൽ ചെയ്യുവാനുള്ള ക്രമീകരണങ്ങൾ നടത്തി. സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട് 75 ഡിവിഷൻ കമ്മിറ്റികളും സമർപ്പിച്ച Delegates ലിസ്റ്റിനെതിരെ നെയ്യാറ്റിൻകരയിലുള്ള മറ്റൊരു വ്യക്തി നൽകിയ കേസിൽ നമുക്ക് അനുകൂലമായി വിധി ലഭിച്ചുവെന്നും ജനറൽ സെക്രട്ടറി അറിയിച്ചു. (മേൽ പറഞ്ഞ 3 വ്യക്തികളും നമ്മുടെ സംഘടനയുമായി യാതൊരു ബന്ധവും ഇല്ലാത്തവരാണ്). എത്രയും വേഗം സമ്മേളനം നടത്തുമെന്നും അതിനുള്ള Title Right നമുക്ക് ഉണ്ടെന്നുള്ളതുമാണ് വസ്തുത. കൗൺസിൽ അംഗങ്ങൾ ഒറ്റക്കെട്ടായി സമ്മേളനം നടത്തുന്നതിനുള്ള പിന്തുണ സംസ്ഥാന കമ്മിറ്റിക്ക് നൽകി. സമ്മേളന ഫണ്ടിലേക്ക് നൽകുവാനുള്ള തുക യൂണിയന്റെ ഫണ്ടിൽ നിന്നും നൽകിയ തീരുമാനം കമ്മിറ്റി അംഗീകരിച്ചു. സമ്മേളനവുമായി ബന്ധപ്പെട്ട് വരവ്, ചിലവ് കണക്കുകൾ എറണാകുളം ജില്ലാ സെക്രട്ടറി കെ.എൻ.മോഹനൻ അവതരിപ്പിച്ചു. സമ്മേളന തുക ചിലവിന്റെ ബാക്കി നൽകാനുള്ള സ്ഥാപനങ്ങൾക്ക് ഉടൻ നൽകുവാൻ മോഹനനെ ചുമതലപ്പെടുത്തി. ഇതിനുള്ള തുക സംഘടനയിലേക്ക് ലയിച്ച ഒരു വിഭാഗം നൽകാനുള്ള അരിയർ ഫണ്ട് വിഹിതത്തിൽ വാങ്ങി അടയ്ക്കുവാൻ കൗൺസിൽ അനുവാദം നൽകി. തുടർന്ന് വിവിധ ഡിവിഷൻ കമ്മിറ്റികൾ സമ്മേളനവുമായി ബന്ധപ്പെട്ട് അടയ്ക്കുവാനുള്ള തുകയുടെ കണക്ക് സംസ്ഥാന സെക്രട്ടറി എസ്.സതീഷ്കുമാർ അവതിപ്പിച്ചു.

ഒക്ടോബർ 31 നകം Delegates ഇനത്തിൽ സംസ്ഥാന കമ്മിറ്റിക്ക് നൽകുവാനുള്ള ബാക്കി തുകയുടെ ചെക്ക് കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ പേരിൽ ശ്രീ.കെ.എൻ.മോഹനൻ, സീനിയർ അസിസ്റ്റന്റ്, ഇലക്ട്രിക്കൽ സർക്കിൾ എറണാകുളം എന്ന അഡ്രസ്സിൽ (Mob: 9447872405) അയക്കുവാനും തീരുമാനിച്ചു. അക്കൗണ്ട് ഫ്രീസിംഗ് മാറി, ഫണ്ടിൽ തുക വന്നതിനുശേഷം അരിയർ ഫണ്ട് വിഹിതം ലഭിക്കാനുള്ള ചുരുക്കം ചില ഡിവിഷൻ/ജില്ലാ കമ്മിറ്റികൾക്ക് ഉടൻ നൽകുവാനും തീരുമാനിച്ചു. എം.എസ്.റാവുത്തർ സ്മാരക മന്ദിരത്തിന്റെ ബിൽഡിംഗ് പ്ലാൻ കൗൺസിൽ അംഗീകരിച്ചു. പ്ലാൻ കോപ്പറേഷനിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷം ട്രസ്റ്റിന്റെ യോഗവും ബിൽഡിംഗ് കമ്മിറ്റിയുടെ യോഗവും ചേർന്ന് Tender വിളിച്ച് പണി തുടങ്ങുവാനും കൗൺസിൽ നിർദേശിച്ചു. സംയുക്ത ട്രേഡ് യൂണിയനുകൾ നവംബർ 9,10,11 തീയതികളിൽ പാർലമെന്റിലേക്ക് നടത്തുന്ന മാർച്ചിൽ നമ്മുടെ നല്ല രീതിയിലുള്ള പ്രാതിനിധ്യം ഉണ്ടായിരിക്കണമെന്നും തീരുമാനിച്ചു.

**പടയൊരുക്കം**

ബഹു. പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ കാസർഗോഡ് നിന്നും ആരംഭിക്കുന്ന **'പടയൊരുക്കം'** ജാഥയിൽ എല്ലാ സ്ഥലങ്ങളിലും ബാനറും ബോർഡും വയ്ക്കണം. എല്ലാ സ്ഥലങ്ങളിലും നമ്മുടെ പ്രാതിനിധ്യവും ഉണ്ടായിരിക്കണം.

**ഡയറി**

സ്ഥാപനങ്ങളിൽനിന്ന് contribution സ്വീകരിച്ച് ഡയറി പുറത്തിറക്കേണ്ടെന്ന് തീരുമാനിച്ചു. നവംബർ 15 ന് മുമ്പ് മുൻ ഡയറി കുടിശ്ശിക ചെക്ക് ആയി നൽകണം.

**ചീഫ് എഞ്ചിനീയർ ഓഫീസ് മാർച്ച്**

KSEB Ltd ന്റെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നവംബർ മാസം 15-ാം തീയതി കോഴിക്കോട്, എറണാകുളം ചീഫ് എഞ്ചിനീയർ ഓഫീസുകളിലേയ്ക്കും തിരുവനന്തപുരം വൈദ്യുതി ഭവനിലേക്കും പ്രതിഷേധ മാർച്ച് നടത്തുവാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച പോസ്റ്റർ ഉടൻ ഡിവിഷനുകളിൽ എത്തിക്കുന്നതാണ്.

1. ആശ്രിത നിയമനം തടസ്സപ്പെടുത്തുവാനുള്ള നീക്കം ഉപേക്ഷിക്കുക.
2. DA അനുവദിക്കുക
3. പെൻഷൻ പ്രായം 60 ആക്കി ഉയർത്തുക.
4. ഓൺലൈൻ ട്രാൻസ്ഫർ സമ്പ്രദായത്തിലെ അപാകത ഒരു കേന്ദ്ര ഐ.ടി ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കുക.
5. കാസർഗോഡ് സോളാർ പാർക്ക് വേണ്ടെന്ന് വയ്ക്കുവാനുള്ള കാബിനറ്റ് തീരുമാനം പുനഃപരിശോധിക്കുക.
6. Posting Strength സംവിധാനം അവസാനിപ്പിച്ച് Sanctioned Strength അനുസരിച്ച് ജീവനക്കാരെ പോസ്റ്റ് ചെയ്യുക.
7. അർഹതയുള്ള മുഴുവൻ ജീവനക്കാർക്കും പ്രമോഷൻ നൽകുക.
8. Rural Electrification Corporation (REC) യിൽ നിന്ന് 12000 കോടി രൂപ കടം എടുക്കാൻ പോകുന്നത് എന്തിന്.
9. വാട്ടർ അതോറിറ്റി ഉൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് നൽകുവാനുള്ള 2000 കോടി രൂപ ബോർഡിന് കൈമാറുക.
10. പുതുതായി രൂപീകരിച്ച ആഫീസുകളിൽ തസ്തിക അനുവദിക്കുക
11. ബോർഡിലെ മുഴുവൻ ഒഴിവുകളും PSC ക്ക് റിപ്പോർട്ട് ചെയ്യുക.
12. വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് മെറ്റീരിയൽ ദൗർലഭ്യം പരിഹരിക്കുക.
13. Shift Duty സമ്പ്രദായം പൈലറ്റ് ജില്ലകളിൽ നടപ്പിലാക്കുക.
14. ശമ്പള പരിഷ്ക്കരണ കരാറിലെ ശേഷിക്കുന്നവ തുടർ ചർച്ചയിലൂടെ നടപ്പിലാക്കുക.
15. എല്ലാ നിയമനങ്ങളും പ്രമോഷനുകളും ഉടൻ നടത്തുക.
16. മോഡൽ സെക്ഷനിലെ അശാസ്ത്രീയത പരിഹരിക്കാൻ വേണ്ടി കൺസ്യൂമർ നമ്പറിന്റേയും ഏരിയാ അടിസ്ഥാനത്തിലും ഓഫീസുകളെ പുനർ വിഭജനം നടത്തുക.
17. Gratuity 20 ലക്ഷം ആക്കി ബോർഡ് ഓർഡർ ഇറക്കുക
18. രാഷ്ട്രീയ പകപോക്കലോടുകൂടിയുള്ള സ്ഥലംമാറ്റങ്ങൾ അവസാനിപ്പിക്കുക
19. വൻകിട ഉപഭോക്താക്കൾ KSEB Ltd ൽ വിട്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.
20. വൈദ്യുതി ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി പുതിയ പദ്ധതികൾ ആരംഭിക്കുക.
21. അംഗീകൃത ട്രേഡ് യൂണിയനുകളുമായി നടത്തുന്ന തീരുമാനങ്ങൾ നടപ്പിലാക്കുക.

വിശ്വാസപൂർവ്വം,

ജനറൽ സെക്രട്ടറി